**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2519** | **12/02/2020-ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കിലെ സ്വതന്ത്ര സോഫ്റ്റ് വെയർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ചപ്പോൾ സ്വതന്ത്ര സോഫ്റ്റ് വെയർ നടപ്പിൽ വരുത്തിയോ; വ്യക്തമാക്കുമോ; | (എ) | ഏകീകൃത കോർബാങ്കിംഗ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പ് ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ; | (ബി) | സമർപ്പിക്കപ്പെട്ട ടെണ്ടറുകളുടെ ടെക്നിക്കൽ ഇവാല്യവേഷൻ നടന്നുവരുന്നു. |
| (സി) | സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് കേരള ബാങ്കിനെയും അതിന്റെ ഏജൻസിയായി പ്രവർത്തിപ്പിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് എത്ര കാലം വേണ്ടി വരുമെന്ന് അറിയിക്കുമോ; | (സി) | കേരള ബാങ്കിന്റെ സോഫ്റ്റ് വെയർ ഏകീകരണത്തിനു ശേഷമേ പ്രാഥമിക സഹകരണ ബാങ്കുകളെ ഈ സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ. |
| (ഡി) | സ്വതന്ത്ര സോഫ്റ്റ് വെയർ ബന്ധിപ്പിക്കൽ നടപടി പൂർത്തിയാകുന്നതുവരെ പ്രസ്തുത ബാങ്കുകളുടെ പ്രവർത്തനം എങ്ങനെ ഏകീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നത് വരെ നിലവിലുള്ള സംവിധാനം തുടരും. |

സെക്ഷൻ ഓഫീസർ.